## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1395** **15-06-2012 - ലെ മറുപടിയ്ക്ക്**

## നാളികേരത്തിന്റെ താങ്ങുവില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രതിവർഷം ഉൽപാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ജില്ലതിരിച്ച് വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് പ്രതിവർഷം ഉൽപാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന നാളികേരത്തിന്റെയും കൊപ്രയുടെയും എത്ര ശതമാനമാണ് താങ്ങുവിലയ്ക്ക് സംഭരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; സംഭരണ ഏജൻസികൾ വഴി എത്ര മാത്രം കൊപ്ര സംഭരിക്കപ്പെടുകയുണ്ടായി; | (ബി) താങ്ങുവിലയ്ക്ക് സംഭരിക്കുന്നതിന് അളവ് ലക്ഷ്യമിട്ടില്ലില്ല. വിപണിയിൽ നാളികേരത്തിന്റെ വില കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയ്ക്ക് സമമാകുന്നതുവരെ, കൊപ്ര സംഭരണം നടപ്പാക്കുന്നതാണ്. 09-06-2012 വരെ മാർക്കറ്റ്ഫെഡ് മുഖേന 1001 ടൺ കൊപ്രയും കേരഫെഡ് മുഖേന 14518.14 ക്വിന്റൽ കൊപ്രയും സംഭരിച്ചിട്ടുണ്ട്. |
| (സി) കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന താങ്ങുവില എത്രയാണ്; മാർക്കറ്റിലെ വിലയും താങ്ങുവിലയും തമ്മിൽ ഇപ്പോൾ എത്ര അന്തരം ഉണ്ട്? | (സി) 2012 സീസണിലേക്ക് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപയും പൊതിച്ച നാളികേരം ക്വിന്റലിന് 1400 രൂപയുമാണ്. ഇപ്പോൾ മാർക്കറ്റിലെ വില താങ്ങുവിലയെക്കാൾ താഴ്ന്നുനിൽക്കുന്ന സാഹചര്യത്തിൽ താങ്ങുവില പദ്ധതിപ്രകാരം കൊപ്ര സംഭരണം നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 |
|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 603 | 562 | 600 | 591 | 499 |
| 2. | കൊല്ലം | 512 | 378 | 443 | 412 | 378 |
| 3. | പത്തനംതിട്ട | 109 | 107 | 111 | 114 | 112 |
| 4. | ആലപ്പുഴ | 360 | 301 | 275 | 257 | 264 |
| 5. | കോട്ടയം | 202 | 205 | 194 | 141 | 148 |
| 6. | ഇടുക്കി | 99 | 72 | 79 | 90 | 80 |
| 7. | എറണാകുളം | 376 | 292 | 249 | 235 | 221 |
| 8. | തൃശ്ശൂർ | 608 | 575 | 531 | 538 | 493 |
| 9. | പാലക്കാട് | 420 | 422 | 450 | 417 | 408 |
| 10. | മലപ്പുറം | 859 | 832 | 952 | 1063 | 916 |
| 11. | കോഴിക്കോട് | 824 | 851 | 941 | 868 | 770 |
| 12. | വയനാട് | 47 | 45 | 38 | 46 | 51 |
| 13. | കണ്ണൂർ | 640 | 554 | 500 | 479 | 529 |
| 14. | കാസർഗോഡ് | 395 | 445 | 439 | 416 | 418 |
| | **ആകെ** | **6054** | **5641** | **5802** | **5667** | **5287** |

(യൂണിറ്റ് 10 ലക്ഷം എണ്ണം)